# അഴിമതിരഹിതമായ ഭരണവും മാലിന്യമുക്തമായ ജീവിതാന്തരീക്ഷവും പൗരന്റെ മൗലീകാവകാശങ്ങൾ

**ജസ്റ്റീസ് ബി. കെമാൽ പാഷ**
**(കേരള ഹൈക്കോടതി)**



**ഇ**ന്ത്യൻ ഭരണഘടന ജനങ്ങൾക്ക് ഉറപ്പ് നൽകുന്ന മൗലീകാവകാശങ്ങളുടെ അന്തസത്ത ഭയം കൂടാതെ, ആത്മാഭിമാനത്തോടെ, അഴിമതി രഹിതമായ ഭരണത്തിന് കീഴിൽ മാലിന്യമുക്തമായ പരിസരങ്ങളിൽ ജീവിക്കാനുള്ള അവകാശമാണെന്ന് കേരളഹൈക്കോടതി ജസ്റ്റീസ് ബി. കെമാൽ പാഷ അഭിപ്രായപ്പെട്ടു. ജനനീതി കേരള സാഹിത്യ അക്കാദമിയിൽ സംഘടിപ്പിച്ച നാലാമത് അഡ്വക്കെറ്റ് ജിജോ പോൾ സ്മാരക പ്രഭാഷണം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം.

ഒരുകാലത്ത് സമത്വത്തിനായിരുന്നു ഏറ്റവും മുന്തിയ പ്രാധാന്യം നൽകിയിരുന്നതെങ്കിൽ, ഇന്ന് നാം ഭരണഘടനയിലെ 21-ാം അനുഛേദപ്രകാരമുള്ള ജീവിക്കാനുള്ള അവകാശത്തെ പരമപ്രധാനമായി കാണുന്നു. ജീവിക്കാനുള്ള അവകാശമെന്നത് എങ്ങിനെയെങ്കിലും ജീവിക്കാനുള്ള അവകാശമല്ല, മറിച്ച് അന്തസ്സോടും മാനാഭിമാനത്തോടുംകൂടെ നിർഭയമായും സുരക്ഷിതമായും ജീവിക്കാനുള്ള അവകാശമാണ്. ജീവിതത്തിന്റെ സകല മണ്ഡലങ്ങളിലും അഴിമതിയും സ്വജനപക്ഷപാതവും കൊടികുത്തിവാഴുകയും പ്രാണവായുവും വെള്ളവും കൂടി വിഷലിപ്തമാവുകയും ചെയ്യുന്ന സാഹചര്യത്തിൽ പൗരന്റെ മുമ്പിൽ ഭരണഘടനയാണ് പരാജയപ്പെടുന്നത്.

വികസനമെന്നപേരിൽ നമ്മുടെ കുന്നുകളും മലകളും ഇടിച്ചുനിരത്തപ്പെട്ടിരിക്കുന്നു. കൃഷിയിടങ്ങളും തണ്ണീർതടങ്ങളും നികത്തപ്പെട്ടു. മുഴുവൻ ജലസ്രോതസ്സുകളും മാലിന്യവാഹകങ്ങളായിക്കഴിഞ്ഞു. നമ്മുടെ നാട്ടിൽ പുറങ്ങളിലെ തോടുകളിൽനിന്നും വേണ്ടുവോളം വെള്ളം കോരിക്കുടിച്ചിരുന്ന കാലമുണ്ടായിരുന്നു. ഇന്ന് കിണറുകളിലെ വെള്ളത്തിൽപോലും മനുഷ്യവിസർജ്ജ്യങ്ങളാണുള്ളത്.

മുമ്പ് നാം ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങളിൽ ഒരു അപേക്ഷയോ മറ്റോ കൊടുത്താൽ അതിലുണ്ടായ നടപടികൾ അറിയാൻ ജോത്സ്യനേയോ മറ്റോ കാണേണ്ടിവരുമായിരുന്നെങ്കിൽ ഇന്ന് നമുക്ക് വിവരാവകാശനിയമം ഉണ്ട്. അറിയാനുള്ള എന്റെ അവകാശം എന്റെ ജീവിക്കാനുള്ള അവകാശത്തിന്റെ ഭാഗം തന്നെയാണ്. ഈ നിയമത്തിന്റെ വർദ്ധിച്ചുവരുന്ന ദുരുപയോഗം അറിയാതെയല്ല ഞാനിത് പറയുന്നത്.




അഴിമതി രഹിത സമൂഹത്തിൽ ജീവിക്കാനുള്ള നമ്മുടെ അവകാശവും മൗലീകാവകാശമാണ്. അഴിമതി തുടച്ചുമാറ്റാൻ സമൂഹത്തിന്റെ വിവിധ ശ്രേണികളിലുള്ളവർ കൈക്കോർക്കേണ്ടതുണ്ട്.

മാധ്യമങ്ങളുടെ പങ്ക് ഇവിടെ വലുതാണ്. മൂടിവയ്ക്കപ്പെടുന്നതും തെളിവുകൾ നശിപ്പിക്കപ്പെടുന്നതുമായ സാഹചര്യങ്ങളിൽ അവയെ പൊക്കിയെടുത്ത് സമൂഹത്തിന്റെ ശ്രദ്ധയിൽ പെടുത്തേണ്ടത് മാധ്യമങ്ങളാണ്.



ഇപ്രകാരം മാധ്യമങ്ങളിലൂടെയും മറ്റും വെളിച്ചത്തുവരുന്ന കാര്യങ്ങളെ ഭരണഘടനയുടെയും നിർദ്ദിഷ്ഠ നിയമങ്ങളുടെയും ലംഘനമായി കണ്ട് അവയെ ധൈര്യമായി, ഭരണഘടനയോട് വിശ്വസ്തത പുലർത്തി കോടതികളുടെ പരിശോധനയ്ക്ക് എത്തിക്കേണ്ട ചുമതല പൊതുസമൂഹത്തിനുണ്ട്. പൊതു സമൂഹത്തിനുവേണ്ടി അത് നിർവ്വഹിക്കേണ്ടത് ജനനീതിപോലുള്ള സന്നദ്ധ സംഘടനകളാണ്.

ഇപ്രകാരം തങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്ന വിഷയങ്ങളിൽ മുഖം നോക്കാതെ, ഭവിഷ്യത്തുക്കളെ ഭയപ്പെടാതെ, ഭരണഘടനയോടും പൊതുബോധത്തോടും നീതി പുലർത്തിക്കൊണ്ട് വിധിപറയേണ്ടത് കോടതികളാണ്. ഇപ്രകാരം മാധ്യമങ്ങളും പൊതുസമൂഹവും കോടതികളും പരസ്പരം സഹകരിച്ചുള്ള ഒരു നിതാന്ത ജാഗ്രതയ്ക്ക് മാത്രമെ മനുഷ്യന്റെ ജീവിക്കാനുള്ള അവകാശത്തെ സംരക്ഷിക്കാൻ കഴിയൂ. പ്രതികരണശേഷി നാം നഷ്ടപ്പെടുത്തിയാൽ ജനാധിപത്യ സംരക്ഷകരാകാൻ നമുക്ക് കഴിയില്ല. ഭരണഘടനയും ജനാധിപത്യമൂല്യങ്ങളും ഉണർന്നിരിക്കാൻ നമ്മോട് ആവശ്യപ്പെടുന്നു.




തൃശൂരിൽ ഞാൻ ജോലിചെയ്തതാണ്. ജീവിക്കാനുള്ള അവകാശത്തിന്റെ ഈ ജില്ലയിലെ ഏറ്റവും ഭീകരമായ നിഷേധമാണ് ലാലൂരിൽ നാം കാണുന്നത്. ലാലൂരിലെ ജനങ്ങൾ ജീവിക്കാനായി എങ്ങോട്ട് പോകണം? ഒരിക്കൽപോലും ലാലൂരിൽ പോകാൻ ഇടയായിട്ടുണ്ടെങ്കിൽ അറിയാം, ഡെറ്റോൾ ഒഴിച്ച് ശരീരമാകെ കഴുകി വൃത്തിയാക്കാതെ നമുക്ക് വീട്ടിൽകയറാൻ കഴിയില്ലെന്ന്.

ഇത്തരം അവകാശലംഘനങ്ങളോടും നീതിനിഷേധങ്ങളോടും വിട്ടുവീഴ്ചകൂടാതെ സമരം ചെയ്തുകൊണ്ടുമാത്രമേ ജീവിക്കാനുള്ള പൗരന്റെ ജന്മാവകാശത്തെ സംരക്ഷിക്കാനാകൂ.

മുതിർന്ന സബ്ബ് ജഡ്ജിയും ജില്ലാനിയമസേവന അഥോറിറ്റി സെക്രട്ടറിയും അഡ്വ. ജിജോ പോളിന്റെ സതീർത്ഥ്യനുമായ ശ്രീ. സി. മുജീബ് റഹ്മാൻ യോഗത്തിൽ അധ്യക്ഷം വഹിച്ചു.

*******